**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ദെലീമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നവജാത ശിശുക്കളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും പരിഹാര ചികിത്സകൾ നൽകുന്നതിനുമായി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് നവജാത ശിശുക്കളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും പരിഹാര ചികിത്സകൾ നൽകുന്നതിനുമായി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് എന്നീ വകുപ്പുകൾ മുഖേന നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>**1.**സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന<br><br>**2.**കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള **BERA** പരിശോധന<br><br>**3.** ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ<br><br>**4.**റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ<br><br>**5.**മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ<br><br>**6.**ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ<br><br>**7.** ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ<br><br>**8.**അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, ആലപ്പുഴ<br><br>സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന നവജാത ശിശുക്കളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും, കൃത്യമായ ഇടപെടലുകൾ വഴി സമയ ബന്ധിത ചികിത്സ ഉറപ്പാക്കുന്നതിനും, ഫോളോ-അപ്പ് നടപടികൾ |

| | | | |
|---|---|---|---|
| | | | ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യ പൂർണ്ണമായ അതിജീവനത്തിലേക്ക് നയിക്കുന്നതിനുമായി **"ശലഭം-സമഗ്ര നവജാത ശിശു സ്ക്രീനിംഗ് പദ്ധതി"** നടപ്പിലാക്കി വരുന്നു. ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളി ൽ ജനിക്കുന്ന എല്ലാ കുട്ടികളേയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കി വരുന്നു.<br><br>വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർത്തിരിക്കുന്നു |
| (ബി) | മേൽപ്പറഞ്ഞ വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏർളി ഇന്റർവെൻഷൻ സെന്ററുകൾ നിലവിലുണ്ടോ; എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | നവജാത ശിശുക്കളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏർളി ഇന്റർവെൻഷൻ സെന്ററുകൾ നിലവിലുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നു.<br><br>**1.**സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന<br><br>**2.**കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള **BERA** പരിശോധന<br><br>**3.** ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ<br><br>**4.**റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ<br><br>**5.**മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ<br><br>**6.**ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ<br><br>**7.**ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ<br><br>**8.**അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, ആലപ്പുഴ<br><br>വിശദാംശങ്ങൾ **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു. |
| (സി) | നവജാത ശിശുക്കളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ റീജനൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നവജാത ശിശുക്കളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>**റീജയണൽ ഏർളി ഇന്റർ വെൻഷൻ സെന്ററുകൾ:**<br><br>വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴി ക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും പീഡിയാട്രീഷൻ/ മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, നഴ്സ്, REIC മാനേജർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ നിന്നും ഓട്ടിസം സംശയിക്കുന്ന കുട്ടികൾക്ക് തെറാപ്പികൾ നൽകുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ പ്രവർത്തിച്ചു വരുന്നു. ബുദ്ധിമാന്ദ്യം, കേൾവി, കാഴ്ചക്കുറവ്, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തി അവർക്ക് **Multi disciplinary** ചികിത്സ ലഭിക്കാനുള്ള സൗകര്യങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

നവജാത ശിശുക്കളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും പരിഹാര ചികിത്സകൾ നൽകുന്നതിനുമായി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പുകൾ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഏജൻസിയായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**1.** സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന
**2.** കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള **BERA** പരിശോധന
**3.** ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ
**4.** റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ
**5.** മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ
**6.** ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ
**7.** ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
**8.** അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, ആലപ്പുഴ

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള National Institute of Speech & Hearing (NISH) ൽ നവജാത ശിശുക്കളിലെ ശ്രവണ സംസാര,ഫീഡിങ് വൈകല്യങ്ങൾ കണ്ടെത്തുന്നതിനും വേണ്ട ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്.

സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന നവജാത ശിശുക്കളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും, കൃത്യമായ ഇടപെടലുകൾ വഴി സമയബന്ധിത ചികിത്സ ഉറപ്പാക്കുന്നതിനും, ഫോളോ-അപ്പ് നടപടികൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേക്ക് നയിക്കുന്നതിനുമായി **"ശലഭം-സമഗ്ര നവജാത ശിശു സ്ക്രീനിംഗ് പദ്ധതി"** നടപ്പിലാക്കി വരുന്നു. ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കുന്നു.

വിവിധതരം പരിശോധനകൾ താഴെ ചേർക്കുന്നു.

1. Visible Birth Defect സ്ക്രീനിംഗ് - ജനിച്ച് 24 മണിക്കുറിനുള്ളിൽ പരിശോധിക്കപ്പെടുന്നു.
2. Functional Birth defect സ്ക്രീനിംഗ്
    a. Pulse oximetric സ്ക്രീനിംഗ്- ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറിയുന്നതിന് ജനിച്ച് 24-48 മണിക്കുറിനുള്ളിൽ നടത്തപ്പെടുന്നു.
    b. OAE (ഓട്ടോ അകൗസ്റ്റിക്ക് എമിഷൻ) സ്ക്രീനിംഗ്- കേൾവി പരിശോധന:- ജനിച്ച് 24-48 മണിക്കുറിനുള്ളിൽ നടത്തപ്പെടുന്നു.
    c. Retinopathy of Prematurity (ROP) സ്ക്രീനിംഗ്- Premature കുഞ്ഞുങ്ങളുടെ കാഴ്ച പരിശോധന നടത്തുന്നതിനുള്ള പരിശോധന

3. മെറ്റബോളിക് സ്ക്രീനിംഗ്

IEM രക്തപരിശോധന - ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന്-ജനിച്ച് 48 മണിക്കൂറിനുള്ളിൽ/അല്ലെങ്കിൽ ഡിസ്ചാർജിന് മുമ്പ്.

4. Neuro-Developmental Defects (ന്യൂറോ-ഡെവലപ്മെന്റൽ ഡിഫക്റ്റ്സ്) സ്ക്രീനിംഗ്

മേൽപ്പറഞ്ഞ തരത്തിൽ സമഗ്ര ആരോഗ്യ പരിശോധന, തല മുതൽ കാൽപാദം (Head to toe) വരെ നടത്തപ്പെടുന്നു. ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച സ്റ്റാഫ് നഴ്സുമാരാണ് ഇത്തരത്തിൽ പരിശോധന നടത്തുന്നത്. പ്രവർത്തനങ്ങൾ എല്ലാം തന്നെ പീഡിയാട്രീഷൻ, മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്. ജനനവൈകല്യങ്ങൾ എന്തെങ്കിലും കണ്ടുപിടിച്ചാൽ കൃത്യമായ രോഗനിർണ്ണയത്തിന് വിധേയമാക്കുകയും തുടർന്നുള്ള ചികിത്സകൾക്ക് വേണ്ട റഫറലുകൾ നടത്തുന്നതുമാണ്. ഹൃദ്രോഗങ്ങൾ ആണെങ്കിൽ "ഹൃദ്യം" പദ്ധതിയിൽ പ്പെടുത്തി തുടർചികിത്സയ്ക്കായി റഫർ ചെയ്യുന്നു. കേൾവിക്കുറവ് കാണുകയാണെങ്കിൽ ഹിയറിംഗ് എയ്ഡോ, കോക്ലിയാർ ഇംപ്ലാന്റോ *ശ്രുതിതരംഗം" വഴി സാധ്യമാക്കി ക്കൊടുക്കുന്നു.

## രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം(RBSK):-

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്രസർക്കാർ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം). സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയായ (School Health Programme) വിപുലപ്പെടുത്തി അങ്കണവാടികൾ/കിൻഡർ ഗാർഡൻ/പ്ലേ സ്കൂൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ് സെഷനുകളും കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിംഗ് ആർ ബി എസ് കെ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ (കേൾവി സഹായികൾ) RBSK പദ്ധതി വഴി സൗജന്യമായി ലഭ്യമാണ്.

## ഡിസ്ട്രിക്ക് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)

കുട്ടികളിലെ വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ എന്ന പേരിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ശിശുരോഗ വിദഗ്ധൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ ഡോക്ടർ എന്നിവരുടെ നേതൃത്വത്തിൽ സമഗ്രമായ ആരോഗ്യ പരിശോധനയും സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഓഡിയോളജി, ഓപ്റ്റോമെട്രി, സ്പെഷ്യൽ എഡ്യൂക്കേഷൻ, സൈക്കോളജിക്കൽ കൗൺസലിംഗ് തുടങ്ങിയ തെറാപ്പി

സേവനങ്ങളും തികച്ചും സൗജന്യമായി ഇവിടെ നിന്നും ലഭ്യമാണ്. സാമൂഹ്യനീതി വകുപ്പിന്റെ അനുയാത്ര പദ്ധതിയുടെ സഹകരണത്തോടെ കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ 2021-മുതൽ സ്വതന്ത്ര കെട്ടിടങ്ങളിൽ DEIC കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുൻപ് നൽകി വന്നിരുന്ന സേവനങ്ങൾ വിപുലപ്പെടുത്തി, മെഡിക്കോ-സോഷ്യൽ പുനരധിവാസ മോഡൽ ഈ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്നു.